പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 347 — 06.03.2012-ൽ മറുപടിയ്ക്ക്

## ലോഡ് ഷെഡിംഗ് ഒഴിവാക്കുന്നതിനുള്ള നടപടികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ ലോഡ് ഷെഡിംഗ് പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) അപ്രഖ്യാപിത ലോഡ് ഷെഡിംഗ് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അപ്രഖ്യാപിത ലോഡ് ഷെഡിംഗ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) കേരളത്തിലെ പ്രസരണ ലൈനുകളുടെയോ, ജനറേറ്ററുകളുടേയോ അടിയന്തിര തകരാറുകൾ മൂലവും കേന്ദ്ര വൈദ്യുതി നിലയങ്ങളി ലേയോ, കേന്ദ്ര പ്രസരണ ലൈനുകളിലേയോ അറ്റകുറ്റപ്പണികൾ മൂലവും, ദക്ഷിണ ഗ്രിഡ്ഡിലെ ഫ്രീക്വൻസി താഴ്ന്നുപോകുന്ന മറ്റ് അടിയന്തിര ഘട്ടങ്ങളിലും ദക്ഷിണ മേഖലാ ലോഡ് ഡെസ്പാച്ച് കേന്ദ്രത്തിന്റെ നിർദ്ദേശപ്രകാരവും അപൂർവ്വം ചില ദിവസങ്ങളിൽ അത്യാവശ്യ സമയങ്ങളിൽ മാത്രം വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരുന്നുണ്ട്.<br>ഇത് ഒഴിവാക്കാനായി അറ്റകുറ്റപ്പണികൾ യഥാകാലങ്ങളിൽ പൂർത്തിയാക്കുകയും, ജനറേറ്ററുകളുടെ ജലലഭ്യതയും, ഇന്ധന ലഭ്യതയും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഏതെങ്കിലും അടിയന്തിര ഘട്ടങ്ങളിലെ പ്രതിസന്ധി നേരിടാനായി വൈദ്യുതി നിയന്ത്രണം നടത്തുകയും കഴിയുന്നത്ര വേഗം സ്ഥിതി പുന:സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. അതല്ലാതെ ലോഡ് ഷെഡിംഗോ അപ്രഖ്യാപിത ലോഡ് ഷെഡിംഗോ നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.